**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *214 05.05.2017-ന് മറുപടിയ്ക്ക്**

**വനസംരക്ഷണ പദ്ധതികൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.വി.ടി.ബൽറാം**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. അനിൽ അക്കര** | **ശ്രീ. കെ. രാജു**<br>**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | വനസംരക്ഷണത്തിനായി പുതിയ പദ്ധതികൾ പ്രഖ്യാപിക്കുമ്പോഴും, വനവിസ്തൃതി ചുരുങ്ങുന്നുവെന്നത് വസ്തുതയാണോ; | (എ) | വനവിസ്തൃതി ചുരുങ്ങുന്നുവെന്നത് വസ്തുതയല്ല; |
| (ബി) | ഈ വർഷം കാട്ടുതീ മൂലം എത്ര ഹെക്ടർ വനം കത്തിനശിച്ചുവെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ബി) | ഈ വർഷം കാട്ടുതീ 2977.47 ഹെക്ടർ വനപ്രദേശത്തെ ബാധിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (സി) | വരൾച്ച കാരണം വന്യജീവികൾ നാട്ടിലേക്കിറങ്ങുന്നതും നാശനഷ്ടങ്ങൾ വരുത്തുന്നതും തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (സി) | വരൾച്ച കാരണം വന്യജീവികൾ നാട്ടിലേയ്ക്കിറങ്ങുന്നതും നാശനഷ്ടങ്ങൾ വരുത്തുന്നതും തടയുന്നതിനായി വനത്തിനുള്ളിൽ തടയണകളും കുളങ്ങളും നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ഭക്ഷണ ലഭ്യതയ്ക്കായി വയലുകളുടെ പരിപാലനം, അധിനിവേശസസ്യങ്ങൾ നീക്കംചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്. കൂടാതെ സോളാർ പവർ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ, ആന പ്രതിരോധ കിടങ്ങ് എന്നിവ നിർമ്മിക്കുകയും എലിഫന്റ്സ് സ്കേറിംഗ് വാച്ചർമാർ, റാപിഡ് റെസ്പോൺസ് ടീം എന്നിവയുടെ സേവനം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ സമയോചിതമായി പ്രവർത്തിച്ച് സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**